# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 33**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, മണ്ഡലാംഗങ്ങളും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്.*

കർത്താവിൽ വാത്സല്യമുള്ളവരെ,

2021 ഒക്ടോബർ മാസം 21–ാം തീയതി പുലാത്തീനിൽ നിന്നും അയച്ച 32–ാം നമ്പർ കല്പനയുടെ 11–ാം ഇനമായി സഭാ കൗൺസിൽ 2020–2023 വർഷത്തേക്കുള്ള തെരഞ്ഞെടുപ്പുകളെക്കുറിച്ച് അറിയിച്ചിരുന്നു. ആയതിൽ ചെങ്ങന്നൂർ – മാവേലിക്കര, അടൂർ, കുന്നംകുളം – മലബാർ എന്നീ ഭദ്രാസനങ്ങളിൽ നിന്നും സഭാ കൗൺസിൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുള്ളതിനാൽ ആയത് മെത്രാപ്പോലീത്തായുടെ തീരുമാനത്തിന് വിധേയമായിരിക്കുന്നതാണെന്നും അറിയിച്ചിരുന്നു.
മെത്രാപ്പോലീത്താ നിയമിച്ച കമ്മീഷന്റെ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ ചെങ്ങന്നൂർ – മാവേലിക്കര, കുന്നംകുളം – മലബാർ ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടവരുടെ നിയമനത്തിന് സാധുത ഉണ്ടെന്ന് ഏവരെയും അറിയിക്കുന്നു. അടൂർ ഭദ്രാസനത്തിലെ തെരഞ്ഞെടുപ്പ് നടപടിക്രമങ്ങളിൽ അപാകത ഉള്ളതിനാൽ ആ ഭദ്രാസനത്തിലെ വോട്ടിംഗും ഫലപ്രഖ്യാപനവും റദ്ദ് ചെയ്യുന്നു. അടൂർ ഭദ്രാസനത്തിൽ സാധുവായ സ്ഥാനാർത്ഥികളുടെ അന്തിമലിസ്റ്റ് പ്രസിദ്ധീകരിച്ചത് മുതലുള്ള തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ സഭയിൽ നിന്നും നല്കിയിട്ടുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി വീണ്ടും നടത്തി ഫലം അറിയിക്കേണ്ടതാണ്.

നമ്മുടെ കർത്താവേശുമ്ശിഹായുടെ കൃപ എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ

2021 ഒക്ടോബർ 30–ാം തീയതി തിരുവല്ലാ പൂലാത്തീനിൽ നിന്നും

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**